**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6818** **21-03-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എ. രാജ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനസൗഹൃദമാക്കുന്നതിനും കാലതാമസമില്ലാതെ സേവനം ലഭ്യമാക്കുന്നതിനുമായി സർക്കാർ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനസൗഹൃദമാക്കുന്നതിനും കാലതാമസമില്ലാതെ സേവനം ലഭ്യമാക്കുന്നതിനുമായി സർക്കാർ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പൊതുജനങ്ങൾക്ക് അർഹമായ സേവനം യഥാസമയം ലഭിക്കുന്നതിന് റവന്യൂ വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന വിഷൻ ആന്റ് മിഷൻ പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | വിഷൻ & മിഷൻ 2021-26ന്റെ ഭാഗമായി എം.എൽ.എ-മാരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിൽ എം.എൽ.എ - മാരെയും ഉന്നത ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ILDM (Institute of Land and Disaster Management) -ൽ വച്ച് ജില്ലാ റവന്യൂ അസംബ്ലി കൂടിയിട്ടുള്ളതാണ്. ആയതിൽ ലഭിച്ച അപേക്ഷകളും അഭിപ്രായങ്ങളും ജില്ലാ തലത്തിൽ പരിശോധിച്ച് ജില്ലാ തലത്തിൽ തീർപ്പാക്കാവുന്നത് ജില്ലയിലും, സർക്കാർ/ കമ്മീഷണർ തലത്തിൽ വരുന്നവ സർക്കാർ/ കമ്മീഷണർ തലത്തിലും തീർപ്പാക്കിവരുന്നു. ജില്ലാ തലത്തിൽ നോഡൽ ഓഫീസർ ആയി റവന്യൂ റിക്കവറി വിഭാഗം ഡെപ്യൂട്ടി കളക്ടറെ ഇതിനു ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ റവന്യൂ അസംബ്ലിയുടെ ആദ്യ യോഗം 2021 ജൂലൈ മാസം 22 മുതൽ ആഗസ്റ്റ് 12 വരെയും രണ്ടാമത്തെ യോഗം 2022 ജൂൺ, ജൂലൈ മാസങ്ങളിലും തിരുവനന്തപുരത്ത് ഐഎൽഡിഎം ൽ വച്ച് ചേരുകയുണ്ടായി. ജില്ലാ റവന്യൂ അസംബ്ലിയിൽ നിയമസഭാ സാമാജികർ ഉന്നയിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച നടപ്പാക്കൽ പുരോഗതി |

| | | | |
|---|---|---|---|
| | | | സാമാജികൾക്ക് തന്നെ വീക്ഷിക്കുന്നതിനായി എംഎൽഎ ഡാഷ് ബോർഡ് എന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ എംഎൽഎ യ്ക്കും നൽകിയിട്ടുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് ഇത് കാണാനാകും. |
| (സി) | സർക്കാർ സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി റവന്യൂ ഇ-സാക്ഷരതയ്ക്ക് തുടക്കം കുറിക്കുന്നത് പരിഗണനയിലുണ്ടോ; നിലവിൽ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (സി) | റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന ഇ-സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ റവന്യൂ ഇ-സാക്ഷരത എന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന ഇ-സേവനങ്ങൾ വളരെ വേഗത്തിലും സുഗമമായും സ്വന്തം ഡിജിറ്റൽ ഡിവൈസിലൂടെ നേരിട്ട് ചെയ്യാൻ പൊതുജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ അവരിൽ അവബോധം ഉണ്ടാക്കുക എന്നതാണ് റവന്യൂ ഇ-സാക്ഷരത കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>ഭൂരേഖകളുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ താലൂക്കുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു. നിലവിൽ 86 വില്ലേജുകളുടെ തണ്ടപ്പേർ രജിസ്റ്റർ (TPR) രേഖകളുടെ സ്കാനിംഗ് പൂർത്തീകരിച്ച് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) | ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാകുന്ന രീതിയിൽ നിശ്ചിത കാലാവധിക്ക് ശേഷം കാലഹരണപ്പെടുന്ന സർട്ടിഫിക്കറ്റുകൾ ഒഴിവാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനസൗഹൃദമാക്കുന്നതിനും കാലതാമസമില്ലാതെ സേവനം ലഭ്യമാക്കുന്നതിനുമായി റവന്യൂ വകുപ്പിൽ നിലവിൽ നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

**1. ഇ-ഡിസ്ട്രിക്ട്**

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു.

**2. ആർ.ആർ. ഓൺലൈൻ**

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

**3. സംയോജിത ഓൺ ലൈൻ പോക്കുവരവ്** (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

**4. റവന്യൂ ഇ-പെയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം)**

ദുരന്ത ബാധിതരായ ജനങ്ങൾക്ക് അനുവദിക്കുന്ന അടിയന്തര ധനസഹായം, ഭവന നാശം

സംഭവിച്ചതിനുള്ള നഷ്ടപരിഹാരം എന്നിവ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം. ജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസ് മുഖാന്തരം ഓൺലൈൻ ആയി പ്രോസസ്സ് ചെയ്യുവാനും നഷ്ടപരിഹാര തുക ഡയറക്റ്റ് ബെനിഫിഷ്യറി ട്രാൻസ്ഫർ സംവിധാനം മുഖേന നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു.

### 6. റവന്യൂ മിത്രം

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നതു കൊണ്ടുദ്ദേശിക്കുന്നത്.

### 7. റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ

റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി, ഓഫ്‌ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റവും റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

### 9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS -മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

### 10. FMB ഓൺലൈൻ

ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന മൊഡ്യൂൾ.

## 11. വില്ലേജ് വെബ്സൈറ്റ്

സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ്സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപ്പറ്റിയുള്ള പൊതു വിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതി വിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

## 12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി, ആഡംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്.

## 13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം. ഈ സംവിധാനം മുഖാന്തിരം നാളിതുവരെ 325.01 കോടി രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

## 14. ഭൂമി തരം മാറ്റം ഓൺലൈൻ

2018-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം ഭൂമിയുടെ തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് ആവശ്യമായ നടപടികൾ ഓൺലൈനായി തന്നെ കൈകൊള്ളുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുള്ളതും 10/01/2022 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുള്ളതുമാണ് ഈ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഓൺലൈനായി തന്നെ വില്ലേജ്

ഓഫീസുകളിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതുമാണ്.

**15. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ**

നിലവിൽ റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന അഗതികളായ ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗം ബാധിച്ചവർക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഓട്ടോമേറ്റ് ചെയ്ത് ഇ ഗവേർണൻസ് പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും അപേക്ഷ വില്ലേജ്, താലൂക്ക് എന്നിവിടങ്ങളിൽ പ്രോസസ്സ് ചെയ്ത് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ഡി.ബി.റ്റി ആയി പെൻഷൻ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**16. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം. ഈ സംവിധാനം മുഖാന്തിരം നാളിതുവരെ 216.8 കോടി രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.